

# Anson Panengadan CMI

## നിത്യതയുടെ അമരത്ത് ഭാരതീയതയുടെ ആചാര്യൻ



വയസ്സ് 86 ആയിരുന്നെങ്കിലും, മരണത്തോട് മല്ലിടുമ്പോഴും, തിരിച്ചു വരും എന്നുതന്നെയായിരുന്നു പ്രതീക്ഷ. എല്ലാവരും പ്രിയപ്പെട്ടവരുടെ കാര്യത്തിൽ സ്വാർത്ഥരാണല്ലോ. ലോകരുടെ പ്രാർത്ഥന കേട്ടില്ല. വിനീതച്ചൻ യാത്രയായി...നിത്യതയിലേയ്ക്ക്. ജ്ഞാനത്തിന്റെ നിറവിൽ നിന്ന വിനീതമായ ആ ചിരി വിട്ടുപോകുന്നില്ല. ഓർമ്മകൾക്കു മരണമില്ലല്ലോ.

കുറിക്കാൻ പലവുരു പേനയെടുത്തിട്ടും താഴെവച്ചു. യോഗ്യതയില്ല എന്നതുതന്നെ കാരണം. പിന്നെ, അദ്ദേഹത്തെക്കുറിച്ച് അടുത്തറിയാവുന്നവരുടെ നീണ്ട നിരയുള്ളപ്പോൾ എനിക്കതിനുള്ള വയസ്സില്ല എന്ന കുറ്റബോധവും. ആചാര്യസ്ഥാനത്തു നിൽക്കുന്ന അയാളെക്കുറിച്ചെഴുതിത്തുടങ്ങിയപ്പോൾ തൂലിക വിറച്ചു. പിന്നീട് മനസ്സ് ബലപ്പെടുത്തി. “എളിയ വീക്ഷണകോണിൽനിന്നും മഹാരഥന്മാരെ നോക്കി കാണാമല്ലോ,” തൂലിക പിടിച്ചു.

ഓർമ്മകൾ കൊണ്ടുചെന്നെത്തിക്കുന്നത് ധർമ്മാരാം വിദ്യാക്ഷേത്രത്തിലാണ്. നൂറ് നാവായിരുന്നു അദ്ദേഹത്തെക്കുറിച്ച് പറയാൻ... ശെമ്മാശന്മാർക്ക് മാത്രമല്ല, അച്ചന്മാർക്കും, അധികാരസ്ഥാനങ്ങളിലിരുന്നവർക്കും... എന്തിന് അന്താരാഷ്ട്ര സംവാദങ്ങളിൽ പ്രബന്ധങ്ങളവതരിപ്പിച്ചിരുന്ന വിദേശരാജ്യങ്ങളിലെ പണ്ഡിതപ്രതിനിധികൾക്കുപോലും. അറിവിന്റെ നെറുകയിലിരിക്കുമ്പോഴും വിനീതനായിത്തന്നെ ഇരുന്നു. ഷാളൊക്കെ പുതച്ചു കളഭംതൊട്ടു നിൽക്കുമ്പോൾ ആ ആചാര്യമുഖത്ത് ഒരു ഐശ്വര്യമുണ്ടായിരുന്നു. അത് നൂറുകണക്കിന് ശിഷ്യരെയും സമ്മാനിച്ചു. പണ്ഡിത സദസ്സിനുമാത്രമല്ല, സംവേദനമികവ് സാധാരണക്കാർക്കും പ്രചോദനമിഴിവേകി. ആർദ്രതയായിരുന്നു അദ്ദേഹത്തിലെ സ്ഥായീഭാവം. ക്ലാസ്സ്മുറികളിൽ പങ്കുവെച്ച ഗഹനങ്ങളായ ഭാരതീയ വിചിന്തനങ്ങൾ ഇന്നും പലതും മനസ്സിലായിട്ടില്ല. കാരണം അയാൾ അറിവിന്റെ കാര്യത്തിൽ വേറെ ജനുസ്സിൽപ്പെട്ടവനായിരുന്നു. ആ സദനത്തിൽ ആയിരുന്നപ്പോഴും ആരെയും പരിഹസിച്ചതായി ചെകിട്ടോർമ്മയില്ല. അതിലാണ് ആ വിനീതന്റെ മഹത്വം.

ബാംഗ്ലൂരിലെ വിദ്യാവനം അദ്ദേഹത്തിന്റെ സ്വപ്നഗേഹമായിരുന്നു. അയാൾ വിഭാവനം ചെയ്ത ‘ബേസ് റൗമ’യുടെ വന്യതയ്ക്കിടയിലും ഭാരതീയതയുടെ ശില്പഭംഗികൊണ്ടലങ്കരിച്ചു... ആശ്രമമാകെ. അതിനുള്ളിലിരിക്കുന്ന ഗുരുവിന്റെ ശിരസ്സിനുമേൽ എപ്പോഴും ഒരു പ്രഭാവലയം ഉദിച്ചുനിന്നു. അത് നമ്മയുടെ മന്ത്രങ്ങളായി തേടിയെത്തിയ അനുവാചകരിലേയ്ക്കൊഴുകിയിറങ്ങി. വാക്കിലും നടപ്പിലും സന്യാസിയുടെതായിരുന്നു അദ്ദേഹത്തിന്റെ സ്വത്വം. അങ്ങനെ അയാൾ ആത്മീയതയിൽ തുഞ്ചത്തെഴുത്തച്ചനായി. ഭാരതീയ ദർശനത്തിന്റെ സി.എം.ഐ. മുഖവും. ലോകശ്രദ്ധയെ ഇന്ത്യയിലെത്തിച്ചു ആ തത്വജ്ഞാനി.



മറവിയായിരുന്നു അവസാനനാളുകളിലെ പ്രധാന വില്ലൻ. പക്ഷേങ്കി ആശയങ്ങൾക്കപ്പോഴും പഞ്ഞമുണ്ടായില്ല. തുടങ്ങിക്കഴിഞ്ഞാൽ പുഴപോലെ ഒഴുകുകയായി പണ്ഡിതമൊഴികൾ. ചെറുപുഴകൾ സാഗരത്തിൽ ലയിക്കുന്നപ്പോലെ അയാളും ഇന്നിതാ നിത്യതയുടെ സാഗരത്തിൽ!.

വിനീതച്ചാ, അങ്ങ് പണ്ഡിതലോകത്തിലെ വേറിട്ട പ്രഭയായിരുന്നെങ്കിലും പ്രേഷിതയുടെ സ്വകാര്യ അഹങ്കാരമായിരുന്നു. അങ്ങയുടെ പകരം വയ്ക്കാനില്ലാത്തചിരി... നിഷ്കളങ്കതയുടെ കളഭം ചാർത്തി നിൽക്കുന്ന തിലകക്കുറിയും. ഒരുനാൾ ഞങ്ങളും ലയിക്കും ആ പുഴയിൽ. പുഴകൾ ചേരുന്ന നിത്യതയുടെ ആ ആഴക്കടലിൽ, കൂടെയുള്ളവരെ കവർന്നെടുക്കുന്ന ഈ കോവിഡ് യുഗത്തിൽ മെയ് മാസത്തിലെ തീരാനഷ്ടങ്ങളിലൊന്നായി ഇന്നിതാ അങ്ങും. തത്വശാസ്ത്ര ക്ലാസ്സുകളിൽ പഠിപ്പിച്ചതോർക്കുന്നു: "ബ്രഹ്മൻ... ബ്രഹ്മൻ ദൈവമാണ്." ഞങ്ങളും ബ്രഹ്മനിൽ ചേരുവോളം, ബ്രഹ്മനോട് ചേർന്നിരുന്ന് ഞങ്ങൾക്കുവേണ്ടി കരമുയർത്തുക. മരിച്ചുകഴിഞ്ഞാൽ സമർപ്പിക്കപ്പെട്ടവർ ദേവദൂതന്മാരെപ്പോലിരിക്കും എന്ന് ക്രിസ്തുഭാഷ്യം. നമുക്കൊരു ദേവദൂതനെകൂടി കിട്ടിയിരിക്കുന്നു... സ്വർഗ്ഗത്തിൽ.



## Francis Thaivalappil CMI, Pollachi

### Sober and Serene Lifestyle

Fr. Francis Vineeth bid farewell to the land of the dying. He rejoices in the Lord of the living. He has made heaven his home. He is well with God. Let us paint him not on the canvas, but in our heart, and cherish his sober and serene lifestyle always, with Divine touch in our life. May his soul enjoy eternal happiness!